## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 650 08.08.2017-ൽ മറുപടിക്ക്**

## സഹകരണ ബാങ്കുനിക്ഷേപങ്ങളിൽ നിന്ന് ആദായ നികുതി

**ചോദ്യം**

**ശ്രീ. പി.ജെ.ജോസഫ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സഹകരണ ബാങ്ക് നിക്ഷേപങ്ങളിൽ നിന്ന് ആദായ നികുതി ഈടാക്കാനുള്ള നടപടിയിൽ, നിക്ഷേപകരുടെ ആശങ്ക പരിശോധിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | 1961 ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായനികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി 3976/2010) തീർപ്പാക്കി 27.08.2013 ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായനികുതി വകുപ്പിന്റെ അധികാരം ശരിവെച്ചിട്ടുണ്ട്. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ മുൻകാലങ്ങളിൽ പാർലമെന്റ് സമ്മേളനത്തിനു മുൻപായി മുഖ്യമന്ത്രി വിളിച്ചു ചേർക്കുന്ന എം.പി. മാരുടെ കോൺഫറൻസിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയമായി ഉൾപ്പെടുത്തിയിരുന്നു. |

| | | | |
|---|---|---|---|
| (ബി) | സഹകരണ ബാങ്ക് നിക്ഷേപത്തിന് നൽകിവരുന്ന പലിശ നിരക്ക് എത്രയാണ് എന്നറിയിക്കുമോ; | (ബി) | സഹകരണ ബാങ്ക് നിക്ഷേപത്തിന് നൽകിവരുന്ന പലിശ നിരക്ക് ചുവടെ ചേർക്കുന്നു. |

| | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | ജില്ലാ സഹകരണ ബാങ്കുകൾ | പ്രാഥമിക സഹകരണ സംഘങ്ങൾ |
|---|---|---|---|---|
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.00 | 5.75 | 6.00 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.50 | 6.75 | 7.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.75 | 7.25 | 7.50 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.00 | 7.75 | 8.00 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 7.25 | 8.25 | 8.50 |
| 6 | 2 വർഷവും അതിനു മുകളിലും | 7.25 | 8.00 | 8.25 |

<table>
<tr>
<td></td>
<td></td>
<td></td>
<td>സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കുന്ന വ്യക്തിഗത നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><td></td><td>നിക്ഷേപങ്ങളുടെ കാലാവധി</td><td>പലിശ നിരക്ക് നിലവിലുള്ളത്</td></tr>
<tr><td>1</td><td>15 ദിവസം മുതൽ 45 ദിവസം വരെ</td><td>5.25</td></tr>
<tr><td>2</td><td>46 ദിവസം മുതൽ 90 ദിവസം വരെ</td><td>6.75</td></tr>
<tr><td>3</td><td>91 ദിവസം മുതൽ 179 ദിവസം വരെ</td><td>7.00</td></tr>
<tr><td>4</td><td>180 ദിവസം മുതൽ 364 ദിവസം വരെ</td><td>7.25</td></tr>
<tr><td>5</td><td>1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ</td><td>7.50</td></tr>
<tr><td>6</td><td>2 വർഷവും അതിനു മുകളിലും</td><td>7.50</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>ആദായ നികുതി വകുപ്പ് നിഷ്കർഷിച്ച പ്രകാരം നിക്ഷേപകരുടെ കെ.വൈ.സി. വിവരങ്ങൾ നൽകാൻ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;</td>
<td>(സി)</td>
<td>നിക്ഷേപകരുടെ കെ.വൈ.സി. വിവരങ്ങൾ നൽകാൻ സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകണമെന്ന് ആദായ നികുതി വകുപ്പ് നിഷ്ക്കർഷിച്ചിട്ടില്ല. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ റിസർവ്വ് ബാങ്ക് നിർദ്ദേശിക്കുന്ന കെ.വൈ.സി. നോംസ് കർശനമായി പാലിക്കേണ്ടതാണെന്ന് 24/04/2013 ലെ 30/2013 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ഡി)</td>
<td>ഭൂമി വിറ്റു കിട്ടിയ തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചവർ ആദായ നികുതി വകുപ്പിന്റെ</td>
<td>(ഡി)</td>
<td>ഭൂമി വിറ്റു കിട്ടിയ തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചവർ ആദായ നികുതി വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയരാകേണ്ടി വരുമെന്ന അവസ്ഥ സഹകരണവകുപ്പ്</td>
</tr>
</table>

| | | | |
|---|---|---|---|
| | പരിശോധനയ്ക്ക് വിധേയരാകേണ്ടി വരുമെന്ന അവസ്ഥ സഹകരണവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എങ്ങനെ പരിഹരിക്കും എന്നറിയിക്കാമോ? | | പ്രത്യേകമായി പരിശോധിച്ചിട്ടില്ല. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന കാര്യം ആലോചിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**